## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 250 10.12.2012 -ൽ മറുപടിയ്ക്ക്

## പോപ്പുലർ ഫ്രണ്ടുമായി ബന്ധപ്പെട്ട കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ സാജുപോൾ : | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) കഴിഞ്ഞ സ്വാതന്ത്ര്യദിനത്തിൽ ഫ്രീഡം പരേഡിന് അനുമതി ലഭിക്കുന്നതിനായി ഹൈക്കോടതിയിൽ , പോപ്പുലർ ഫ്രണ്ട് ജില്ലാ സെക്രട്ടറിമാർ നല്കിയ ഹർജിയിൽ ഉണ്ടായ കോടതി വിധി എന്തായിരുന്നു ; | (എ) കഴിഞ്ഞ സ്വാതന്ത്ര്യദിനത്തിൽ ഫ്രീഡം പരേഡിന് അനുമതി നിഷേധിച്ചുകൊണ്ടുള്ള ജില്ലാ കളക്ടർമാരുടെ ഉത്തരവ് സ്വീകാര്യമല്ലാത്തപക്ഷം ആവലാതിക്കാരന് തുടർ നിയമ നടപടികൾക്ക് ശ്രമിക്കാവുന്നതാണ് എന്നായിരുന്നു കോടതി വിധി. |
| ബി) ഈ കേസിൽ സർക്കാർ ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (ബി) കേരള പോലീസ് ആക്ടിലെ വകുപ്പ് 75 പ്രകാരം ജില്ലാ കളക്ടർമാർ പുറപ്പെടുവിച്ച നിരോധന ഉത്തരവുകൾക്കെതിരെയാണ് ഹർജിക്കാർ ഹൈക്കോടതിയെ സമീപിച്ചത്. സർക്കാർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടില്ല. |
| സി) പോപ്പുലർ ഫ്രണ്ടിന്റെ പങ്കാളിത്തത്തിൽ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) പോപ്പുലർ ഫ്രണ്ടിന്റെയും അതിന്റെ മുൻരൂപമായ എൻ. ഡി. എഫ്.ന്റെയും പങ്കാളിത്തത്തിൽ 28 കൊലപാതകങ്ങൾ സംസ്ഥാനത്ത് നടന്നിട്ടുള്ളതായി വെളിവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ